# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3252

19.06.2019-ൽ മറുപടിക്ക്

### പദ്ധതി വിഹിതം തനത് വർഷംതന്നെ ചെലവഴിക്കാൻ നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.എം.ഉമ്മർ<br>,, വി.കെ.ഇബ്രാഹിം കുഞ്ഞ് | | ശ്രീ. എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) |
| എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം ഓരോ വർഷവും പൂർണ്ണമായും ചെലവഴിക്കാൻ കഴിയാത്തതിന്റെ കാര്യകാരണങ്ങളെ സംബന്ധിച്ച് വകുപ്പ് തലത്തിൽ ഒരു സമഗ്ര പരിശോധന നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | എ) | നടത്തിയിട്ടുണ്ട്. വകുപ്പ് തലത്തിൽ മാസാന്ത്യ അവലോകന യോഗങ്ങൾ നടത്തി പ്രസ്തുത യോഗത്തിൽ പദ്ധതി വിഹിതം ഓരോ വർഷവും പൂർണ്ണമായും ചെലവഴിക്കാൻ കഴിയാത്തതിന്റെ കാര്യകാരണങ്ങളെ സംബന്ധിച്ച് പരിശോധന നടത്തിയതിൽ പ്രധാന കാരണമായി വന്നിട്ടുള്ളത് ക്യൂവിലുള്ള ബില്ലുകൾ മാറാൻ സാധിച്ചിട്ടില്ലാത്തതും നിർമ്മാണം സാധന സാമഗ്രികളുടെ ലഭ്യത കുറവും ട്രഷറികളിലെ പെന്റിംഗ് ബിൽ, എഞ്ചിനീയറിംഗ് വർക്കിലുള്ള കാലതാമസം, പ്രായോഗികവും നിർവ്വഹണ സാധ്യതയുള്ളതുമായ പദ്ധതികൾ ആസൂത്രണം ചെയ്യാത്തത്, വന മേഖലകൾ ഉൾപ്പെട്ടു വരുന്ന പഞ്ചായത്തുകളിൽ മരാമത്ത് പ്രവൃത്തികൾ നടത്തുന്നതിന് വനം വകുപ്പിൽ നിന്നുണ്ടാകുന്ന തടസ്സങ്ങൾ എന്നിവയുമാണ്. |
| ബി) മുൻ സാമ്പത്തിക വർഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തുക പൂർണമായും മാറി നൽകാത്ത സാഹചര്യത്തിൽ അംഗീകാരം നൽകിയ പദ്ധതികൾ ഏത് തരത്തിൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ; | ബി) | 2019 മാർച്ച് അവസാനം ട്രഷറിയിൽ സമർപ്പിച്ചുവെങ്കിലും തുക നൽകാൻ കഴിയാതെ ക്യൂ ലിസ്റ്റിൽ ആയിട്ടുള്ള ട്രഷറി ക്യൂബില്ലുകളുടെയും സ്പിൽ ഓവർ പ്രോജക്ടുകളുടെയും തുക തൻ വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും കണ്ടെത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. അപ്രകാരം ചെയ്യുമ്പോൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അംഗീകാരം നേടിയ പദ്ധതിയിലെ പുതിയ പ്രോജക്ടുകൾ പലതും ഉപേക്ഷിക്കേണ്ടി വരുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി ബഡ്ജറ്റ് വിഹിതത്തിലെ ഓരോ വിഭാഗത്തിലും (പൊതുവിഭാഗം, എസ്.സി.പി, ടി.എസ്.പി, കേന്ദ്രധനകാര്യ കമ്മീഷൻ ഗ്രാന്റ്) പരമാവധി ഇരുപത് ശതമാനം വരെയുള്ള സ്പിൽ ഓവർ ബാധ്യത ബഡ്ജറ്റ് വിഹിതത്തിന് ഉപരിയായി ഏറ്റെടുക്കുന്നതിന് അനുവാദം നൽകിയിട്ടുണ്ട്. അംഗീകാരം നേടിയ പദ്ധതിയിലെ പുതിയ പ്രോജക്ടുകൾ പരമാവധി ഉപേക്ഷിക്കാതെ നില നിറുത്തുന്നതിന് ഇതിലൂടെ സാധിക്കും. |

| | |
|---|---|
| സി) വരും വർഷങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം തനത് വർഷം തന്നെ ചെലവഴിക്കാൻ സഹായകരമായ രീതിയിൽ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ ? | സി) പദ്ധതി നിർവ്വഹണത്തിന് പൂർണ്ണമായും ഒരു വർഷം ലഭിക്കത്തക്ക രീതിയിൽ മാർച്ച് 31 ന് മുമ്പ് തന്നെ വാർഷിക പദ്ധതിക്ക് അംഗീകാരം വാങ്ങി ഏപ്രിൽ 1 ന് തന്നെ പദ്ധതി നിർവ്വഹണ നടപടികൾ ആരംഭിക്കുന്നതിന് തദ്ദേശ സ്ഥാപനങ്ങൾക്ക് സാധിച്ചിട്ടുണ്ട്. പദ്ധതി വിഹിതം തനത് വർഷം തന്നെ ചെലവഴിക്കാൻ ഇത് സഹായകരമാകും. വർഷാവസാനം ഒരുമിച്ച് പദ്ധതി ബില്ലുകൾ ട്രഷറിയിൽ നൽകുന്നത് ഒഴിവാക്കുന്നതിനും പദ്ധതി വിഹിതം തനത് വർഷം തന്നെ ചെലവഴിക്കുന്നതിനുമായി തദ്ദേശ സ്ഥാപനങ്ങൾക്കും ത്രൈമാസിക ടാർജറ്റ് നിശ്ചയിച്ച് നൽകിയിട്ടുണ്ട്.<br>വരും വർഷങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം തനത് വർഷം തന്നെ 4 ക്വാർട്ടറുകളിലായി (35%, 35%, 20%,10%) ചെലവഴിക്കുവാനാണ് ഉദ്ദേശിക്കുന്നത്. പദ്ധതി വിഹിതം തനത് വർഷം തന്നെ ചെലവഴിക്കുന്നതിനുമായി സെക്രട്ടറിമാരുടെ മാസാന്ത്യ അവലോകന യോഗത്തിൽ നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും 2019-20 വർഷത്തേയ്ക്കുള്ള വികസന പദ്ധതികൾ തയ്യാറാക്കിയതിന്റെ ഭാഗമായി, തയ്യാറാക്കിയ വാർഷിക പദ്ധതിയിൽ സ്പിൽ ഓവർ പ്രോജക്റ്റുകൾ കൂടി ഉൾപ്പെടുത്തി പരിഷ്കരിക്കുന്നതിനായി, അതോടൊപ്പം പദ്ധതി നിർവ്വഹണവും പ്രാദേശിക സർക്കാരുകളുടെ മറ്റ് പ്രവർത്തനങ്ങളും കൂടുതൽ കാര്യക്ഷമതയോടെ ചിട്ടപ്പെടുത്തി മുന്നോട്ട് കൊണ്ട് പോകുന്നത് സംബന്ധിച്ച് ഒരു പൊതുധാരണ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നതിനായി മേഖലാ തലത്തിൽ യോഗങ്ങൾ നടത്തി വരുന്നു. 16.05.2019 ന് എറണാകുളം, തൃശ്ശൂർ, മലപ്പുറം, പാലക്കാട് ജില്ലകളിലേത് കിലയിൽ വച്ചും, 18/05/2019 ന് തിരുവനന്തപുരം, കൊല്ലം ജില്ലകളിലേത് തിരുവനന്തപുരം കേരള പഞ്ചായത്ത് അസോസിയേഷൻ ഹാളിൽ വച്ചും 07/06/2019 ന് കോട്ടയം, പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി ജില്ലകളിലേത് അയ്മനം ഗ്രാമപഞ്ചായത്ത് ഹാളിൽ വച്ചും സംഘടിപ്പിച്ചിരുന്നു.<br>15/06/2019 ന് കണ്ണൂർ, കാസർഗോഡ്, വയനാട്, കോഴിക്കോട് എന്നീ ജില്ലകളിലേയും നഗരസഭാ അദ്ധ്യക്ഷൻമാരുടെ മേഖലാ യോഗം നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ